

15 ഒക്ടോബർ, 2014

# ജ്ഞാനാഞ്ജലി

## ഭാഗ്യം

അവ്യക്ത ബാപ്ദാദ

എല്ലാവരും ഭാഗ്യശാലികളായി. എന്നാൽ ഭാഗ്യശാലിയുടെ മുന്നിൽ സൗഭാഗ്യശാലിയെവിടെ, പദമാപദം ഭാഗ്യശാലിയെവിടെ. ഭാഗ്യശാലി എന്ന് വാക്ക് രണ്ടിലും പറയുന്നു. എന്നാൽ സൗ(നൂറ്) എവിടെ പദമം(ലക്ഷം കോടി) എവിടെ! വ്യത്യാസമുണ്ടല്ലോ. ഭാഗ്യവിധാതാവ് ഒന്നാണ്. വിധാതാവിന്റെ വിധിയും ഒന്നുതന്നെയാണ്. സമയവും വേളയും ഒന്നുതന്നെയാണ്. എന്നിട്ടും നമ്പറനുസരിച്ച് ആയി. വിധാതാവിന്റെ വിധി എത്ര ശ്രേഷ്ഠവും സഹജവുമാണ്! ഇക്കാലത്ത് ആർക്കെങ്കിലും ഗ്രഹപ്പിഴ കാരണം ഭാഗ്യം മാറുന്നുവെങ്കിൽ ഗ്രഹപ്പിഴ മാറ്റുന്നതിനും ശ്രേഷ്ഠ ഭാഗ്യം ഉണ്ടാക്കുന്നതിനും എത്ര പ്രകാരത്തിലുള്ള വിധികൾ അനുഷ്ഠിക്കുന്നു. എത്ര സമയവും ശക്തിയും സമ്പത്തും ചെലവഴിക്കുന്നു. എന്നിട്ടും അല്പകാലത്തെ ഭാഗ്യമാണ് ഉണ്ടാകുന്നത്. ഒരു ജന്മത്തിന്റെ ഉറപ്പ്പോലുമില്ല. കാരണം അവർ വിധാതാവിലൂടെ ഭാഗ്യം മാറ്റുന്നില്ല. അല്പജ്ഞരും, അല്പകാല സിദ്ധി നേടിയവരുമായ വ്യക്തികളിലൂടെ അല്പകാല പ്രാപ്തിയുണ്ടാക്കുന്നു. അല്പജ്ഞനായ വ്യക്തിയെവിടെ വിധാതാവെവിടെ! വിധാതാവിലൂടെ അവിനാശിയായ ഭാഗ്യത്തിന്റെ രേഖ വരയ്ക്കുവാൻ കഴിയും. കാരണം ഭാഗ്യവിധാതാക്കളായ രണ്ട് പിതാക്കളും ഈ സമയം കുട്ടികൾക്ക് വേണ്ടി ഹാജരാണ്. എത്രത്തോളം ഭാഗ്യവിധാതാവിൽ നിന്നും ഭാഗ്യം നേടുവാൻ ആഗ്രഹിക്കുന്നുവോ, അത്രയും ഇപ്പോൾ നേടുവാൻ കഴിയും. ഈ സമയത്താണ് ഭാഗ്യദാതാവ് ഭാഗ്യം വീതിക്കുവാൻ വന്നിരിക്കുന്നത്. ഈ സമയത്തിന് ഡ്രാമയനുസരിച്ച് വരദാനമുണ്ട്. ഭാഗ്യത്തിന്റെ നിറഞ്ഞ ഖനി തുറന്നുവെച്ചിരിക്കുകയാണ്. കാവൽക്കാർ ആരുമില്ല. എന്നിട്ടും നോക്കൂ, എടുക്കുന്നതിൽ നമ്പർ ഉണ്ടാകുന്നു. ഭാഗ്യവിധാതാവ് നമ്പർ അനുസരിച്ചല്ല തരുന്നത്. അമൃതവേളയിൽ ദേശ-വിദേശത്തെ കുട്ടികൾ ഒരേ സമയത്ത് ഭാഗ്യവിധാതാവുമായി കൂടിക്കാഴ്ച നടത്തുവാൻ വരുന്നു. കൂടിക്കാഴ്ച ഉണ്ടാകുകയും ചെയ്യുന്നു. ചോദിക്കുന്നില്ല. എന്നാൽ വലുതിലും വലിയ ബാബയുമായി കൂടിക്കാഴ്ച ഉണ്ടാകുകയെന്നാൽ ഭാഗ്യം ലഭിക്കുക എന്നാണ്. കാരണം വലിയ വ്യക്തികൾ ഒരിക്കലും ആരെയും വെറുംകൈയ്യോടെ അയയ്ക്കുകയില്ല. ബാബയാകട്ടെ വിധാതാവാണ്, വരദാതാവാണ്, നിറഞ്ഞ ഖനിയാണ്. വെറുംകൈയ്യോടെ എങ്ങനെ അയ്ക്കുവാനാകും? എന്നിട്ടും എന്തുകൊണ്ട് ഭാഗ്യശാലിയും, സൗഭാഗ്യശാലിയും, പദമാപദം ഭാഗ്യശാലിയുമാകുന്നു?

ചില കുട്ടികൾ ബാപ്-ദാദാ - രണ്ട് ബാബയ്ക്ക് പകരം, ഒരു ബാബയിലൂടെ ഖജനാവിന്റെ അധികാരിയാകുന്നതിന്റെ വിധി സ്വന്തമാക്കുന്നു. അതിലൂടെ വഞ്ചിതരായിപ്പോകുന്നു. എനിക്ക് നിരാകാരനുമായാണ് നേരിട്ട് ബന്ധം, സാകാരവും (ബ്രഹ്മാബാബ) നിരാകാരനിൽ നിന്നുമാണ് നേടിയത് അതിനാൽ ഞാനും നിരാകാരനിൽ നിന്നുതന്നെ നേടും, സാകാരത്തിന്റെ(ബ്രഹ്മാബാബയുടെ) എന്താവശ്യം എന്ന് ചിന്തിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള താക്കോൽ ഒടിഞ്ഞ താക്കോലായിപ്പോകുന്നു. അതിനാൽ സഫലത ലഭിക്കുന്നില്ല. തന്റെ പേര് ബ്രഹ്മാകുമാർ/കുമാരി എന്ന് പറയും, ബന്ധം ശിവബാബയുമായി വയ്ക്കും. അങ്ങനെയെങ്കിൽ ശിവകുമാർ/കുമാരി എന്ന് വിളിക്കൂ. ബ്രഹ്മാകുമാർ/കുമാരി എന്ന് എന്തുകൊണ്ട് പറയുന്നു? കുലനാമം ശിവവംശീ ബ്രഹ്മാകുമാർ/ബ്രഹ്മാകുമാരി എന്നാകുമ്പോൾ രണ്ടു ബാബയുമായും ബന്ധമായില്ലേ. ശിവബാബ ബ്രഹ്മാവിലൂടെയാണ് തന്നെ പ്രത്യക്ഷമാക്കിയത്. ബ്രഹ്മാവിലൂടെയാണ് ദത്തെടുത്തത്. ഒറ്റയ്ക്കല്ല ചെയ്തത്. ബ്രഹ്മാവാണ് ബാബയുടെ പരിചയം നേടിത്തന്നത്. ബ്രഹ്മാവാണ് പാലനതന്ന് ബാബയുടെ സമ്പത്തിന് യോഗ്യമാക്കിയത്. രാജ്യഭാഗ്യത്തിന്റെ പ്രാപ്തിയിലും ആരോടൊപ്പമാണ് വരുന്നത്? നിരാകാരൻ നിരാകാര ലോകത്തിലെ നിവാസിയാകും. സാകാര ബ്രഹ്മാബാബയുടെ കൂടെയായിരിക്കും രാജ്യഭാഗ്യത്തിന്റെ പ്രാപ്തികൾ അനുഭവിക്കുന്നത്. സാകാരത്തിൽ ഹീറോ പാർട്ട് അഭിനയിക്കുന്നതിന്റെ ബന്ധം സാകാര ബാബയുമായാണോ അതോ നിരാകാരനുമായാണോ? സാകാരമില്ലാതെ സർവ്വ ഭാഗ്യങ്ങളുടെയും ഖജനാവിന്റെ അധികാരി എങ്ങനെ ആകുവാൻ കഴിയും? അത് ഒടിഞ്ഞ താക്കോൽ തിരിക്കുന്നതുപോലെയാണ്. ഭാഗ്യവിധാതാവ് ഭാഗ്യം വീതിക്കുന്നതുതന്നെ ബ്രഹ്മാവിലൂടെയാണ്.

**ബ്രാഹ്മണരുടെ പ്രത്യക്ഷ ജീവിതത്തിന്റെ രൂപത്തിൽ നടക്കുന്ന രീതി-സമ്പ്രദായങ്ങൾ സദാ കാലത്തേയ്ക്ക് അനാദിയായ വിധാനമായി മാറുന്നു. ഇങ്ങനെ മനസ്സിലാക്കി ഓരോ കർമ്മവും ചെയ്യുന്നതിലൂടെ ഒരിക്കലും അലക്ഷ്യം വരില്ല**

അവ്യക്ത ബാപ്ദാദ



ഏത് കാര്യത്തോടാണോ ബാബയ്ക്ക് സ്നേഹം, അതിനോട് അത്രയും സ്നേഹം വയ്ക്കുന്നതാണ് സ്വയംതന്നെ സൗഭാഗ്യശാലിയാക്കുക എന്നത്. ബാബയ്ക്ക് സിരകൾ തോറും ഏതിനോടായിരുന്ന സ്നേഹം? 5 തത്ത്വങ്ങളോടായിരുന്നില്ല. സ്നേഹം ഗുണങ്ങളോടായിരുന്നു. സ്നേഹമു ണ്ടായിരുന്നുവെന്നല്ല, സ്നേഹമുണ്ട്, ഉണ്ടായിരി ക്കുകയും ചെയ്യും. ഭവിഷ്യ ലോകം ഉണ്ടാകാത്തതുവരെയും ഈ മുറിയാത്ത സ്നേഹം ഉണ്ടായിരിക്കും. സ്നേഹം ആത്മാവിനോടും കർത്തവ്യത്തോടുമായിരുന്നു. ആർക്ക് ബാബയോട് സ്നേഹമുണ്ടോ, അവർ അന്തിമം വരെയും ബാബയുടെ കാര്യത്തിൽ സഹായിയായിരിക്കും. അതിനാൽ സ്നേഹിയാകുന്നതിന് ശ്രമിക്കൂ. എങ്ങനെയുള്ള മായയും വന്നുകൊള്ളട്ടെ, മായാജീത്ത് ആകണം. ബാഡ്ജ് ധരിക്കുന്നതുപോലെ മസ്തകത്തിൽ വിജത്തിന്റെ ബാഡ്ജ് ധരിക്കണം.

ആർക്കാണോ, അച്ഛനോടും, അദ്ധ്യാപകനോടും, സത്ഗുരുവിനോടും പൂർണ്ണ ബന്ധമുള്ളത്, താല്പര്യമുള്ളത്, അവരെയാണ് സദാ സൗഭാഗ്യശാലികൾ എന്ന് പറയുന്നത്.

ഭാഗ്യത്തിന്റെ താഴ് തുറക്കുന്നതിനുള്ള താക്കോലാണ് സ്നേഹം. ഈ മാസ്റ്റർ കീ, എങ്ങനെയുള്ള ദൗർഭാഗ്യശാലിയെയും ഭാഗ്യശാലിയാക്കി മാറ്റും.

സ്വസ്ഥതയുടെ സാധനങ്ങൾക്കിടയിൽ സ്വസ്ഥമായിരിക്കുന്നത് വലിയ കാര്യമല്ല. അത് സാധാരണ കാര്യമാണ്. അസ്വസ്ഥതയ്ക്കിടയിലും സ്വസ്ഥമായിരിക്കണം. ഇതിനെയാണ് പദമാപദം ഭാഗ്യശാലി എന്ന് പറയുന്നത്. വിഷയസാഗരത്തിന് നടുവിൽ ഇരിക്കവെ 5 വികാരങ്ങളെ തന്റെ സ്വസ്ഥതയുടെയും സുഖത്തിന്റെയും ശയ്യയാക്കി മാറ്റണം, അതായത് വികാരങ്ങളുടെ മേൽ സദാ വിജയിയായി സദാ ജ്ഞാനത്തിന്റെ മനനത്തിലും ബാബയുമായുള്ള കൂടിക്കാഴ്ചയിലും മഗ്നമായിരിക്കണം. ബാബ ഭാഗ്യശാലിയാക്കി മാറ്റി. ഈ ഭാഗ്യം സമയാനുസൃതം സഹയോഗം തന്നുകൊണ്ടിരിക്കും. ഏതെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്നുവെങ്കിൽ ബുദ്ധികൊണ്ട് മധുബനിൽ എത്തിച്ചേരൂ. പിന്നെ സുഖത്തിന്റെയും ശാന്തിയുടെയും ഊഞ്ഞാലിൽ ആടുന്നതിന്റെ അനുഭവമുണ്ടാകും.

എത്ര ശ്രേഷ്ഠ കർമ്മം ചെയ്യുമോ, അത്രയും ഭാഗ്യത്തിന്റെ രേഖ നീണ്ടതും സ്പഷ്ടവുമാകും. ഹസ്തരേഖയിലും ഭാഗ്യരേഖ നീണ്ടതാണോ, ഇടയ്ക്കിടയ്ക്ക് മുറിഞ്ഞിട്ടില്ലല്ലോ എന്ന് നോക്കുന്നു. അതുപോലെ ഇവിടെയും അങ്ങനെതന്നെ. സദാ ശ്രേഷ്ഠ കർമ്മമുള്ളവരാണെങ്കിൽ ഭാഗ്യത്തിന്റെ രേഖ നീണ്ടതും സദാ കാലത്തേയ്ക്ക് സ്പഷ്ടവും ശ്രേഷ്ഠവുമായിരിക്കും. ഇടയ്ക്ക് ശ്രേഷ്ഠവും ഇടയ്ക്ക് സാധാരണവുമാണെങ്കിൽ രേഖയും ഇടയ്ക്കിടയ്ക്ക് മുറിഞ്ഞതായിരിക്കും. അവിനാശിയായിരിക്കുകയില്ല. ചിലപ്പോൾ നിന്നുപോകും, ചിലപ്പോൾ മുന്നോട്ട് പോകും. അതിനാൽ സദാ ശ്രേഷ്ഠ കർമ്മകാരിയാകണം. ബാബ ഭാഗ്യമുണ്ടാക്കുന്നതിനുള്ള സാധനം നൽകിയിട്ടുണ്ട് - ശ്രേഷ്ഠ കർമ്മം. ഭാഗ്യമുണ്ടാക്കുന്നത് എത്ര സഹജമാണ്! ശ്രേഷ്ഠ കർമ്മം ചെയ്യൂ, പദമാപദംഭാഗ്യശാലിയുടെ ഭാഗ്യം നേടിയെടുക്കൂ.

പദമാപദം ഭാഗ്യശാലിയുടെ അടയാളം എന്തായിരിക്കും? അവരുടെ ഓരോ ചുവടിലും പദമം ഉണ്ടാകും. ഓരോ ചുവടും പദമങ്ങൾ സമ്പാദിക്കും. അതിനാൽ ഡബിൾ പദമം. ഒരു പദമം എന്ന് കമലപുഷ്പത്തെ പറയുന്നു. കമലപുഷ്പ സമാനമല്ലെങ്കിൽ തന്റെ ഭാഗ്യമുണ്ടാക്കുവാൻ കഴിയില്ല. അഴുക്കിൽ കുടുങ്ങുകയെന്നാൽ ഭാഗ്യം പാഴാക്കുകയെന്നാണ്. പദമാപദം ഭാഗ്യശാലിയെന്നാൽ പത്മസമാനവുമിരിക്കണം, പദമങ്ങളുടെ സമ്പാദ്യവും നടത്തണം. അതിനാൽ ഈ രണ്ട് ലക്ഷണങ്ങളും നോക്കൂ.

ശ്രേഷ്ഠ സങ്കല്പമാണ് ശ്രേഷ്ഠ വചനത്തിന്റെയും ശ്രേഷ്ഠ കർമ്മത്തിന്റെയും ആധാരമാകുന്നത്. എത്ര ശ്രേഷ്ഠ കർമ്മം ചെയ്യുമോ, അത്രയും ശ്രേഷ്ഠ ആത്മാക്കളായി സ്മരിക്കപ്പെടും. ആര് എത്ര ശ്രേഷ്ഠമാണോ, അവരുടെ ഗുണങ്ങളെയും കർമ്മങ്ങളെയും ഉദാഹരണമാക്കുന്നതിനു വേണ്ടിയാണ് നാമം സ്മരിക്കുന്നത്.




# ലാസ്റ്റ് - സോ - ഫാസ്റ്റ്

*അവ്യക്ത ബാപ്ദാദ*

ലാസ്റ്റ്-സോ-ഫാസ്റ്റിന്റെ പുരുഷാർത്ഥം ഏതാണ്? ബാബയ്ക്ക് സമാനമാക്കി മാറ്റുന്ന ഫാസ്റ്റ് പുരുഷാർത്ഥത്തിന്റെ വിധി ഏതാണ്? വിധിയില്ലാതെ സിദ്ധി ഉണ്ടാകുകയില്ല. അനേകം തവണ കേൾപ്പിച്ചിട്ടുള്ളതാണ്. ഒരു വാക്ക് മാത്രം- പ്രതിജ്ഞ. പ്രതിജ്ഞയെന്നാൽ സങ്കല്പിച്ചു, സ്വരൂപമായി. പ്രതിജ്ഞയെടുക്കുവാൻ നിമിഷ നേരം മതി. അപ്പോൾ, ഇനി ഫാസ്റ്റ് പുരുഷാർത്ഥം ഒരു നിമിഷത്തിന്റേതാകണം. കാരണം, അവസാന പരീക്ഷയുടെ ഫലം പുറത്തുവരേണ്ടതുണ്ട്. അവസാന പരീക്ഷയക്ക് എത്ര സമയമാണ് ലഭിക്കുക? ഒരു നിമിഷം. അവസാന സമയവും നിശ്ചയിക്കപ്പെട്ടുകഴിഞ്ഞു, അവസാന പരീക്ഷയും നിശ്ചയിക്കപ്പെട്ടുകഴിഞ്ഞു. പരീക്ഷയെന്താണെന്ന് കേൾപ്പിച്ചിട്ടുണ്ടായിരുന്നു- നഷ്ടോമോഹാ സ്മൃതിസ്വരൂപം. നഷ്ടോമോഹയാകൂ എന്ന് ഒരു നിമിഷത്തിൽ ആജ്ഞ ലഭിക്കുമ്പോൾ സ്മൃതിസ്വരൂപമാകാതിരിക്കുന്നുവെങ്കിൽ, തന്റെ സ്വരൂപമുണ്ടാക്കുന്നതിന് യുദ്ധം ചെയ്ത് സമയം നഷ്ടപ്പെടുത്തുകയും, ബുദ്ധിയെ ലക്ഷ്യത്തിൽ ചേർക്കുന്നതിന് സമയമെടുക്കുകയും ചെയ്യുന്നുവെങ്കിൽ എന്തുണ്ടാകും? തോൽക്കും. ഒരു നിമിഷ നേരം മാത്രമേ ലഭിക്കുകയുള്ളൂ എന്ന് മുൻകൂട്ടി പറഞ്ഞുതരുകയാണ്.

### പുരാണങ്ങളിലൂടെ....



## പുണ്യാത്മാക്കളുടെ പുനർജന്മം

പുണ്യാത്മാക്കൾ സത്കുലങ്ങളിൽ മനുഷ്യരായ് ജനിക്കുന്നു. സുകൃതാത്മാക്കൾ സ്വഭാവ ശുദ്ധിയുള്ള സ്ത്രീകളുടെ ഗർഭത്തിൽ പ്രവേശിക്കുന്നു. ഗർഭസ്ഥശിശു ആനന്ദിച്ചു തന്നെ കഴിയും. പുണ്യാ ത്മാവിന്റെ ജനനത്താൽ നാടിനും നാട്ടാർക്കും ഗുണാനുഭവങ്ങൾ ദൃശ്യമാകുന്നു. വിദ്യാ-വിനയങ്ങ ളോടെ പിതൃലാളനയേറ്റ് വളരുന്നു. സജ്ജനസംസർ ഗ്ഗത്താൽ വേദശാസ്ത്രാദികൾ അഭ്യസിക്കുന്നു. മുൻ ജന്മങ്ങളിൽ ചെയ്ത സുകൃതത്തിന്റെ ഫലമായി ധനികനും ദാനശീല നുമാകുന്നു. സത്ഗുണങ്ങളുടെ വിളനിലമാകുന്നു. സജ്ജനപ്രീതിയും ഈശ്വര പ്രീതിയും ആർജ്ജിച്ച് ജീവിതം സഫലമാക്കുന്നു.




# പുണ്യാത്മാവ്



പുണ്യാത്മാവ് എന്നാൽ ഡബിൾ അഹിംസകൻ, അവരിൽ നിന്നും ഒരു പാപവും ഉണ്ടാകുന്നില്ല. ഈ സർവ്വശ്രേഷ്ഠ അവസ്ഥ എത്രത്തോളം ധാരണ ചെയ്തു വെന്ന് സ്വയം പരിശോധിക്കൂ. പുണ്യാത്മാ വിന് സങ്കല്പം കൊണ്ടുപോലും ഒരു പാപ കർമ്മവും ചെയ്യുവാൻ കഴിയില്ല.

ഞാൻ പുണ്യാത്മാവാണ്, പാപത്തിന് എന്റെ മുന്നിൽ വരുവാൻ കഴിയില്ല എന്ന ദൃഢസങ്കല്പമെടുക്കൂ.

ഈശ്വരീയ സേവനത്തിലെ ഏറ്റവും വലിയ പുണ്യമാണ്- പവിത്രതയുടെ ദാനം നൽകുക എന്നത്. പവിത്രമാക്കുന്നതു തന്നെയാണ് പുണ്യാത്മാവാകുക എന്നത്. ആത്മാവിനെ ആത്മഘാതമെന്ന മഹാപാപത്തിൽ നിന്നും മോചിപ്പി ക്കുകയാണ്.

സദാ ലൈറ്റ്ഹൗസായിരിക്കുന്നതിലൂടെ മായ ഒരു പാപ കർമ്മവും ചെയ്യിക്കുകയില്ല.

അശാന്ത ആത്മാക്കൾക്ക് ശാന്തി നൽകുക, അലയുന്നവ ർക്ക് ലക്ഷ്യസ്ഥാനം നൽകുക- ഇത് വളരെ വലിയ പുണ്യമാണ്. ദാഹിക്കുന്നവർക്ക് ജലം പകർന്നുകൊടു ക്കുന്നത് പുണ്യമായതുപോലെ ഈ സേവനം ചെയ്യുകയെ ന്നാൽ പുണ്യാത്മാവാകുക എന്നാണ്.

*അവ്യക്ത ബാപ്ദാദ*

മുഖ്യ ആജ്ഞ ഏതാണ്? നിരന്തരം ഓർമ്മയിലിരിക്കൂ, മനസാ-വാചാ-കർമ്മണാ പവിത്രമായിരിക്കൂ. യോഗിയാകൂ, പവിത്രമാകൂ എന്ന് മറ്റുള്ളവരെ കേൾപ്പിക്കുന്നില്ലേ, അതുതന്നെയാണ് മുഖ്യ ആജ്ഞ. സങ്കല്പത്തിൽ പോലും അപവിത്രതയും അശുദ്ധിയും ഉണ്ടായിരിക്കരുത്. ഇതിനെയാണ് സമ്പൂർണ്ണ പവിത്രം എന്ന് പറയുന്നത്. നിരന്തമെന്നാൽ സങ്കല്പത്തിൽ പോലും അശുദ്ധിയില്ല. സങ്കല്പത്തിലെങ്കിലും പഴയ അശുദ്ധ സംസ്കാരങ്ങളെ സ്പർശിക്കുന്നുവെങ്കിൽ സമ്പൂർണ്ണ പവിത്രത എന്ന് പറയുകയില്ല. തന്റെ പഴയ സംസ്കാരവും അശുദ്ധ സങ്കല്പവും ബുദ്ധിയെ സ്പർശിക്കുന്നുവെങ്കിൽ സമ്പൂർണ്ണ വൈഷ്ണവനെന്നും സമ്പൂർണ്ണ പവിത്രമെന്നും പറയുകയില്ല.

ആത്മാവ് എന്ന ശബ്ദം സ്മൃതിയിൽ വരുമ്പോൾ ആത്മീയതയും ശുഭഭാവനയും വരുന്നു. പവിത്ര ദൃഷ്ടി വരുന്നു.

സങ്കല്പത്തിലും വൃത്തിയിലും സ്മൃതിയിലും യാതൊരു പാപത്തിന്റെ സങ്കല്പവും വരരുത്. ഇതിനെയാണ് ബ്രാഹ്മണൻ അതായത് പവിത്രം എന്ന് പറയുന്നത്.

വൃത്തി ചഞ്ചലമാകുന്നതിന്റെ കാരണം, ആദ്യമായി വരുമ്പോൾത്തന്നെ എടുത്ത വ്രതത്തിൽ നിന്നും അഥവാ പ്രതിജ്ഞയിൽ നിന്നും താഴെ വരുന്നതാണ്. വ്രതം ഭംഗിക്കുന്നു അഥവാ പ്രതിജ്ഞ മറന്നുപോകുന്നു. ആദ്യ വ്രതമാണ്- മനസാ-വാചാ-കർമ്മണാ പവിത്രമായിരിക്കാം . രണ്ടാമത്തെ വ്രതമാണ് -ഒരു ബാബ രണ്ടാമതാരുമില്ല. ഭക്തർ പോലും ജീവൻ പോയാൽ പോലും വ്രതം ഖണ്ഡിക്കുന്നില്ല. താങ്കളേവരും വരുമ്പോൾത്തന്നെ വ്രതം ധാരണ ചെയ്തിരിക്കുകയാണ്. അതിനാൽ സദാ അത് സ്മൃതിയിൽ വയ്ക്കൂ. സ്മൃതി യുണ്ടായിരിക്കുന്നതിലൂടെ ഒരിക്കലും വൃത്തി ചഞ്ചലമാവുകയില്ല.

വായുമണ്ഡലം വൃത്തിയുടെ മേൽ പ്രഭാവമിടുന്നത് ദൗർബ്ബല്യമാണ്. എനിക്ക് എന്റെ ശക്തിശാലീ വൃത്തിയിലൂടെ അപവിത്രയുടെയും ദൗർബ്ബല്യത്തിന്റെയും വായുമണ്ഡലത്തെ ഇല്ലാതാക്കണം എന്ന് ഓരോരുത്തരും മനസ്സിലാക്കണം. നിങ്ങൾ ഇല്ലാതാക്കുന്നവരാണ് വശംവദരാക്കുന്നവരല്ല. പതിത വായുമണ്ഡലത്തെ വർണ്ണിക്കുക പോലും ചെയ്യരുത്. ദുർബ്ബലവും പതിതവുമായ വായുമണ്ഡലത്തെ വർണ്ണിക്കുന്നുവെങ്കിൽ അതും പാപമാണ്.

എന്തെങ്കിലും മോഷ്ടിക്കുക, അസത്യം പറയുക, ഏതെങ്കിലും വികാരങ്ങൾക്ക് വശപ്പെടുക, ഏതൊന്നിനെയാണോ അപവിത്രതയുടെ സങ്കല്പമെന്നോ കർമ്മമെന്നോ പറയുന്നത്, അതെല്ലാം ഒറ്റയ്ക്കാകുമ്പോഴാണ് ഉണ്ടാകുന്നത്. സദാ സ്വയം ബാബയുടെ കൂടെയായി അനുഭവിക്കൂ. അപ്പോൾ ഈ കർമ്മം ഉണ്ടാവുകയില്ല. മനസ്സിൽ പോലും അപവിത്രത ഇല്ലാതിരിക്കുമ്പോഴാണ് ഫരിശ്താസ്ഥിതിയുടെ ലക്ഷണങ്ങളിൽ നിലനിൽക്കുവാൻ കഴിയുന്നത്. ഓർമ്മയുടെ യാത്രയിലൂടെയാണ് പവിത്രത, ദിവ്യഗുണങ്ങൾ സേവനത്തിൽ സഫലത എന്നിവ വരുന്നത്. ലോകർക്ക് പവിത്രതയുടെ കാര്യം പ്രയാസമായി തോന്നുന്നു. എന്നാൽ ആരാണോ കഴിഞ്ഞകല്പത്തിലേത്, അധികാരികൾ, അവർ "ഇത് നമ്മുടെ സ്വധർമ്മമാണ് "എന്ന് മനസ്സിലാക്കുന്നു. അവർക്ക് സഹജമായി തോന്നുന്നു.

*അവ്യക്ത ബാപ്ദാദ*



# സദാ സന്തോഷം

*അവ്യക്ത ബാപ്ദാദ*

സദാ സന്തോഷത്തിൽ നൃത്തമാടുന്നത് സൂര്യവംശിയുടെ ലക്ഷണമാണ്.

ബാബയുടെ കൈയ്യും കൂട്ടും ഉപേക്ഷിക്കാതിരിക്കുമെങ്കിൽ സദാ സന്തോഷത്തിലിരിക്കും.

സാക്ഷി സ്ഥിതിയുടെ സീറ്റിൽ സെറ്റായിരുന്ന് വൈവിധ്യമാർന്ന ഡ്രാമയുടെ സ്മൃതി വച്ചുകൊണ്ട് ഓരോ പാർട്ട്ധാരിയുടെയും പാർട്ട് നോക്കുകയാണെങ്കിൽ സദാ ഹർഷിതമായിരിക്കും മുഖത്തിലൂടെ ആഹാ ആഹാ എന്ന് വരും. ആഹാ മധുരമായ ഡ്രാമ എന്ന് വരും. അതായത് സദാ സന്തോഷത്തിൽ ഊഞ്ഞാലാടിക്കൊണ്ടിരിക്കും

ആത്മാവ് ചെയ്യിക്കുന്നവനും കർമ്മേന്ദ്രിയങ്ങൾ ചെയ്യുന്നവയുമാണ് എന്ന് പാഠം ഉറപ്പിക്കുന്നതിലൂടെ സദാ സർവ്വ ഖജനാവുകളുടെയും അധികാരിയാണെന്ന ലഹരിയുണ്ടായിരിക്കും. അപ്രാപ്തമായി ഒരു വസ്തുവും അനുഭവപ്പെടുകയില്ല. ബാബയെ ലഭിച്ചു എന്ന് പറയുക മാത്രം ചെയ്യുകയല്ല, അവർക്ക് സർവ്വ പ്രാപ്തികളുടെയും അനുഭവമുണ്ടാകും. സദാ സന്തോഷത്തിലും, ശാന്തിയിലും, ആനന്ദത്തിലും മഗ്നമായിരിക്കും.

ഡ്രാമ എന്ന പരിച നല്ല രീതിയിൽ കാര്യത്തിൽ ഉപയോഗിക്കുന്നതിലൂടെ സദാ സന്തോഷമായിരിക്കും. വാടിപ്പോവുകയില്ല.

സദാ സന്തോഷമായിരിക്കാമെന്ന് സ്വയംതനിക്ക് വാക്ക് കൊടുക്കൂ. മറ്റുള്ളവരുടെ മുന്നിൽ വാക്ക് കൊടുക്കുന്നതിലൂടെ താൽക്കാലികമായി ആയിരിക്കും നിലനിൽക്കുക. എന്നാൽ സ്വയം തനിക്കുതന്നെ വാക്കുകൊടുക്കൂ-എന്തും സംഭവിച്ചുകൊള്ളട്ടെ എന്നാൽ പ്രതിജ്ഞ ലംഘിക്കുകയില്ല എന്ന്. ബാബയെ ലഭിച്ചു, സമ്പത്ത് ലഭിച്ചു. ഇനിയെന്താണുള്ളത്?

ആരാണോ സ്വയം ഗോപികയായി മനസ്സിലാക്കുന്നത്, അവർക്ക് സദാ സന്തോഷമുണ്ടായിരിക്കും. ഗോപികയെന്നാൽ ആർക്കാണോ സദാ ഗോപീവല്ലഭനോട് പ്രതിപത്തിയുള്ളത്.

ബാബ വന്ന് എന്നെ സ്വന്തമാക്കി എന്ന ഭാഗ്യം വർണ്ണിച്ചുകൊണ്ടിരിക്കുമെങ്കിൽ സദാ സന്തോഷത്തിൽ നൃത്തമാടിക്കൊണ്ടിരിക്കും.

സമ്പന്ന ആത്മാക്കൾ സദാ സന്തോഷത്തിൽ നൃത്തമാടിക്കൊണ്ടിരിക്കും.

സത്യതയുടെ മഹാനതയുണ്ടെങ്കിൽ ആ ലഹരിയിൽ സദാ സന്തോഷത്തിന്റെ ഊഞ്ഞാലാടിക്കൊണ്ടിരിക്കും.

തന്റെ പദവിയുടെ സ്മൃതി വയ്ക്കുമെങ്കിൽ സദാ സന്തോഷത്തിലിരിക്കും .

ബന്ധനമുക്തമാകുമ്പോൾ സന്തോഷത്തിൽ നൃത്തമാടും.

പ്രഭുവിന്റെ സിംഹാസനത്തിന്റെ അധികാരിയായ ആത്മാവാണെന്ന സ്മൃതിതിലകം ധാരണ ചെയ്യുന്നതിലൂടെ സദാ സന്തോഷത്തിലും ലഹരിയിലുമിരിക്കും.

പുണ്യകർമ്മം സദാ സന്തോഷത്തിന്റെ ഖജനാവ് വർദ്ധിപ്പിക്കും.

സദാ ദയാഹൃദയന്റെയും വിശ്വമംഗളകാരിയുടെയും സ്വഭാവ-സംസ്കാരം സദാ സന്തോഷത്തിന്റെ പ്രാപ്തി വരുത്തുന്നു.

കർമ്മയോഗി സ്ഥിതിയിലിരുന്ന് കർമ്മം ചെയ്യുന്നതിലൂടെ കർമ്മങ്ങൾ ചെയ്യുമ്പോഴും സദാ സന്തോഷത്തിന്റെ അനുഭവമുണ്ടാകും.

നിശ്ചയബുദ്ധിയുള്ളവർ സദാ വിജയിയാകുന്നതുകാരണം സദാ സദാ സന്തോഷത്തിൽ നൃത്തമാടിക്കൊണ്ടിരിക്കും.

പവിത്ര ആത്മാക്കളുടെ അടയാളമാണ് സദാ സന്തോഷം.



# ഛത്രച്ഛായ

*അവ്യക്ത ബാപ്ദാദ*

സദാ ബാബയുടെ ഛത്രച്ഛായയ്ക്കുള്ളിൽ ഇരിക്കണം. മായയുടെ ഒരു പ്രകാരത്തിലുള്ള വിഘ്നത്തിനും ഛത്രച്ഛായയ്ക്കുള്ളിൽ വരാൻ കഴിയില്ല. അപ്പോൾ എവിടെ കഴിയുന്നവരായാലും, എന്ത് കാര്യം ചെയ്യുകയായിരുന്നാലും സുരക്ഷിതമായ സ്ഥാനത്താണ്. കുട്ടികൾക്ക് സ്വയം ഭാരം അനുഭവപ്പെടുമ്പോൾ മറ്റുള്ളവരുടെ ആശ്രയത്തിലൂടെ തന്റെ ഭാരം ലഘൂകരിക്കുവാൻ ആഗ്രഹിക്കുന്നു. അതിനാൽ ബാപ്ദാദ പറയുന്നു, ഭാരം കുറയ്ക്കൂ. ശാരീരികമായ ഭാരരാഹിത്യത്തിനുള്ള ഉപാധിയാണ് വ്യായാമം. അതുപോലെ ആത്മീയ വ്യായാമമായ യോഗാഭ്യാസത്തിലൂടെ ഒരു നിമിഷം കർമ്മയോഗി അതായത് സാകാര രൂപധാരിയായി സാകാര സൃഷ്ടിയിൽ പാർട്ട് അഭിനയിക്കുക. അടുത്ത നിമിഷം ഫരിശ്തയായി ആകാരവതനവാസിയായി അവ്യക്ത രൂപം അനുഭവിക്കുക. അടുത്ത നിമിഷം നിരാകാരിയായി മൂലവതനവാസിയായി അനുഭവിക്കുക. അടുത്ത നിമിഷം തന്റെ രാജ്യമായ സ്വർഗ്ഗവാസിയായി അതായത് വൈകുണ്ഠവാസിയായി ദേവരൂപം അനുഭവിക്കുക. ഇങ്ങനെ ബുദ്ധിയുടെ വ്യായാമം ചെയ്യൂ. അപ്പോൾ സദാ ഭാരരഹിതമായിരിക്കും. ഭാരിച്ച അവസ്ഥ ഇല്ലാതാകും. പുരുഷാർത്ഥത്തിന്റെ ഗതി തീവ്രമാകും. ആശ്രയം എടുക്കേണ്ട ആവശ്യം വരില്ല. സദാ ബാബയുടെ ഛത്രച്ഛായയ്ക്ക് കീഴിലായി അനുഭവിക്കും.




# കടങ്ങളും കണക്കുകളും

മായയുടെ ഏതെങ്കിലും കടമുണ്ടെങ്കിൽ കടം വീണ്ടും വീണ്ടും ശല്യം ചെയ്യുന്നു. ഇങ്ങനെയുള്ള കടത്തെ രോഗം എന്ന് പറയുന്നു. ഇവിടെയും മായയുടെ ഏതെങ്കിലും കടം പഴയ കണക്കിൽ അവശേഷിക്കുന്ന അതിനാലാണ് മായ വീണ്ടും വീണ്ടും പരവശമാക്കുന്നത്, അഥവാ ഏതെങ്കിലുമൊക്കെ മാനസിക കടത്തിന്റെ രൂപത്തിലുള്ളത്. ആ കടം തീർക്കേണ്ടി വരും. തന്റെ കണക്ക് പരിശോധിക്കൂ– ഏതെങ്കിലും ശേഷിക്കുന്ന കടം സങ്കല്പത്തിന്റെയോ, സംസ്കാരത്തിന്റെയോ സ്വഭാവത്തിന്റെയോ രൂപത്തിൽ അവശേഷിക്കുന്നില്ലല്ലോ? ശാരീരിക രോഗം അഥവാ കടം ബുദ്ധിയെ ഏകാഗ്രമാക്കുവാൻ അനുവദിക്കില്ല. മറിച്ച് വിഘ്നരൂപമാകുന്നു. ഇപ്പോഴാകട്ടെ, സമയത്തിന്റെ സമാപ്തി സമീപത്താണ്. അതിനാൽ തന്റെയും എല്ലാ കണക്കുകളും പരിശോധിക്കുകയും സമാപ്തമാക്കുകയും ചെയ്യൂ. കർമ്മ–കണക്കുകൾ വരുന്നില്ലേ? മാസ്റ്റർ നോളജ്ഫുൾ അല്ലേ? പഴയ കണക്കിന്റെ കടം ഒന്നുകിൽ വ്യർത്ഥ–വികല്പത്തിന്റെ രൂപത്തിലായിരിക്കും. അല്ലെങ്കിൽ ഏതെങ്കിലും സ്വഭാവത്തിന്റെയോ സംസ്കാരത്തിന്റെയോ രൂപത്തിലായിരിക്കും.

രാത്രിയിൽ യോഗാഗ്നിയിലൂടെ അഥവാ സ്മൃതിയുടെ ശക്തിയിലൂടെ പഴയ കണക്കുകൾ സമാപ്തമാക്കണം അഥവാ ഇല്ലാതാക്കണം. വാപാരികൾ കണക്കുകൾ സമാപ്തമാക്കാതെ വയ്ക്കുകയാണെങ്കിൽ കണക്ക് വർദ്ധിക്കുന്നു, കടക്കാരനാകുന്നു. ഇതേ രീതിയിൽ മുഴുവൻ ദിവസത്തിലും ചെയ്ത കർമ്മങ്ങളുടെ കണക്കും സങ്കല്പങ്ങളുടെ കണക്കും ഏതെല്ലാം ഉണ്ടായോ, അവയെ സമാപ്തമാക്കൂ. അടുത്ത ദിവസത്തേയ്ക്ക് എന്തെങ്കിലും കടത്തിന്റെ രൂപത്തിൽ വക്കരുത്. ഇല്ലെങ്കിൽ ആ കടം രോഗത്തിന്റെ രൂപത്തിൽ ബുദ്ധിയെ ദുർബ്ബലമാക്കും. ദിവസവും തന്റെ കണക്ക് സമാപ്തമാക്കി, പുതിയ ദിവസത്തിൽ പുതിയ സ്മൃതിയായിരിക്കണം. ഇപ്രകാരം തന്റെ കർമ്മത്തിന്റെയും സങ്കല്പത്തിന്റെയും കണക്ക് പൂർത്തിയാക്കി വയ്ക്കുമ്പോൾ സമ്പൂർണ്ണവും സഫലതാമൂർത്തിയും ആകും. സ്വന്തം കണക്കുകൾ തന്നെ സമാപ്തമാക്കുവാൻ കഴിയുന്നി ല്ലെങ്കിൽ മറ്റുള്ളവരുടെ കർമ്മബന്ധനവും മറ്റുള്ളവരുടെ കർമ്മകണക്കുകളും എങ്ങനെ സമാപ്തമാക്കിക്കുവാൻ കഴിയും? അതിനാൽ ദിവസവും രാത്രി തന്റെ രജിസ്റ്റർ സ്വച്ഛമായിരിക്കണം. എന്ത് സംഭവിച്ചുവോ, അത് യോഗത്തിന്റെ അഗ്നിയിൽ ഭസ്മമാക്കൂ. മുള്ളിനെ ഭസ്മമാക്കി പേരും അടയാളവും ഇല്ലാതാക്കുന്നില്ലേ, ഇതേ രീതിയിൽ തന്റെ ജ്ഞാനത്തിന്റെ ശക്തിയും യോഗത്തിന്റെ ശക്തിയും, വിൽ പവറും, നിയന്ത്രണ ശക്തിയും കൊണ്ട് തന്റെ രജിസ്റ്റർ ദിവസവും സ്വച്ഛമാക്കണം. കൂടിവരരുത്. ഒരു ദിവസം ചെയ്തുപോയ വ്യർത്ഥ സങ്കല്പത്തിന്റെയും വർത്ഥ കർമ്മത്തിന്റെയും ചോർച്ച അടുത്ത ദിവസത്തിലേക്ക് വരരുത്. അതായത് കടം കിടക്കരുത്. കഴിഞ്ഞത് കഴിഞ്ഞു. ഫുൾ സ്റ്റോപ്പ്. ഇങ്ങനെ രജിസ്റ്റർ സ്വച്ഛമാക്കി വയ്ക്കുന്നവരും കണക്കുകൾ സമാപ്തമാക്കുന്നവരുമാണ് സഹജമായി സഫലതാമൂർത്തിയാകുന്നത്.

*അവ്യക്ത ബാപ്ദാദ*

# റോയൽറ്റി



റോയൽ വംശത്തിൽ വരുന്ന വരിൽ ഇപ്പോൾ തന്നെ ആ റോയൽറ്റി കാണപ്പെടും. റോയൽറ്റിയുള്ളവരുടെ ലക്ഷണങ്ങളാണ് –

ദൃഷ്ടിയിൽ സമ്പന്നതയുടെ തിളക്കവും ലഹരിയും കാണപ്പെടും.

വാക്കുകൾ മധുരിമയും സ്നേഹവും നിറഞ്ഞ സുവർണ്ണ വാക്യങ്ങളായിരിക്കും.

സമ്പർക്കത്തിൽ വരുന്നവർക്ക് ശീതളതയുടെയും ശാന്തിയുടെയും അനുഭവമുണ്ടാകും.

റിയൽറ്റിയിലൂടെയാണ് റോയൽറ്റി വരുന്നത്.

1. സ്വരൂപത്തിന്റെ റിയൽറ്റി. 2. സ്മൃതിയുടെ റിയൽറ്റി.

സ്വരൂപത്തിന്റെ റിയൽറ്റിയെന്നാൽ തന്റെ നിജ സ്വരൂപങ്ങളിൽ സ്ഥിതി ചെയ്യുക. ഇവർ ഏത് അലൗകിക ലോകത്തിലെ അലൗകിക ഫരിശ്തയാണ്, സ്വർഗ്ഗത്തിൽ നിന്നും അവതരിച്ച ദേവതയാണ് എന്ന് ഇതിലൂടെ മറ്റുള്ളവർക്ക് തോന്നും. സ്മൃതിയുടെ റിയൽറ്റിയെന്നാൽ ഒരു ബാബ രണ്ടാമതാരുമില്ല. ബചന്ദുരൂപനായ ബാബയിൽ ലയിച്ചുചേർന്നിരിക്കുക. റിയൽറ്റിയും സഭ്യതയുമാണ് യഥാർത്ഥ റോയൽറ്റി. നോക്കുന്നതിലും, നടക്കുന്നതിലും, എഴുന്നേൽക്കുന്നതിലും ഇരിക്കുന്നതിലും, കഴിക്കുന്നതിലുമെല്ലാം സഭ്യത ഉണ്ടായിരിക്കണം.

*അവ്യക്ത ബാപ്ദാദ*

## പുതിയ ചിന്തകൾ



**മൗനത്തേക്കാൾ ഫലപ്രദമാണ് മൊഴി എന്ന തോന്നുമ്പോൾ മാത്രം സംസാരിക്കുന്നതാണ് ഉചിതം**